# 'മുജീബ്' അല്ലാഹുവിന്റെ ഗുണനാമം- 1

هُوَ الْحَيُّ لَا إِلٰهَ إِلَّا هُوَ فَادْعُوهُ مُخْلِصِينَ لَهُ
الدِّينَ ۗ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ﴿٦٦﴾
أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلٰهٌ مَعَ اللّٰهِ ۚ قَلِيلًا
مَا تَذَكَّرُونَ ﴿٦٣﴾

**അ**ല്ലാഹുവിന്റെ ഒരു ഗുണനാമം മുജീബ് എന്നുമുണ്ട്. ഇതിന്റെ അർത്ഥം പ്രാർത്ഥന കേൾക്കുന്നവൻ എന്നാണ്. അല്ലെങ്കിൽ, യാചിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യുമ്പോൾ, കൊടുക്കുകയും അനുഗ്രഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവൻ. ഇത് ഇസ്‌ലാമിന്റെ ദൈവമാണ്. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. ജീവൻ പ്രദാനം ചെയ്യുന്നവനുമാണ്. അവൻ അർഹരായവരുടെ പ്രാർത്ഥന കേട്ടുകൊണ്ട്, താനുണ്ടെന്നുള്ളതിന് തെളിവ് നല്കുന്നു. ഈ ദൈവത്തെ നമുക്ക് പരിചയപ്പെടുത്തിതന്ന ആ നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന നമ്മൾ ഭാഗ്യവാന്മാരാണ്. നിരാശയുടെ അഗാധമായ ഗർത്തത്തിൽനിന്ന് നമ്മെ പുറത്തെടുത്ത് അദ്ദേഹം പ്രതീക്ഷയുടെ വെളിച്ചം നമുക്കു നല്കുന്നു. മുജീബ് എന്ന ഗുണനാമത്തെക്കുറിച്ചുള്ള കൂടുതൽ അറിവ് നല്കിക്കൊണ്ട്, തന്റെ പാരിതോഷികങ്ങളും അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നതിനും തന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുമുള്ള മാർഗ്ഗത്തിലേക്ക് അല്ലാഹു നമ്മെ നയിക്കുന്നു.

മുഹമ്മദ് നബി(സ)യുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നതും നമ്മുടെ ഭാഗ്യമാണ്. ആ നബി(സ) തിരുമേനിയുടെ ദാസ്യത്തിന്റെ അനുഗ്രഹത്താൽ, നാം അല്ലാഹുവിന്റെ ഗുണനാമത്തിന്റെ ശരിയായ ധാരണയും അറിവും കരസ്ഥമാക്കുന്നവരായിത്തീരാൻ വേണ്ടി അദ്ദേഹം ആ വഴികളെ വീണ്ടും വൃത്തിയാക്കി നമ്മെ അതിലിട്ടിരിക്കുകയാണ്. അതുകൊണ്ട് അതിലേക്കും നമ്മുടെ ശ്രദ്ധയുണ്ടായി.

ഇസ്‌ലാമിന്റെ ദൈവം കേൾക്കുന്നവനും സംസാരിക്കുന്നവനും, പ്രാർത്ഥന സ്വീകരിക്കുന്നവനുമാണെന്ന് അദ്ദേഹം നമ്മോടു പറഞ്ഞു. ഈ ജീവനുള്ള ദൈവത്തെ തന്നിലൂടെ പരിചയപ്പെടാൻ ആ മഹാത്മാവ് ലോകത്തോടു ആഹ്വാനം ചെയ്തു. കാരണം അവനെ തിരിച്ചറിഞ്ഞവനും അവനെ പ്രത്യക്ഷപ്പെടുത്തി കാണിക്കുന്നവനും ഇന്ന് താനാണെന്നും അവിടന്ന് പറഞ്ഞു. അവിടന്ന് പറയുന്നു:

"എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിർത്തുന്നവനുമായ നമ്മുടെ ദൈവം നമ്മോടു മനുഷ്യരെപ്പോലെ സംസാരിക്കുന്നു. നാം ഒരു കാര്യം ചോദിക്കുകയും, ദുആ ചെയ്യുകയും ചെയ്യുമ്പോൾ മനോഹരമായ വാക്കുകളിൽ അവൻ മറുപടി തരുന്നു. നമ്മുടെ ദുആ സ്വീകരിക്കുന്നു. ദുആ സ്വീകരിച്ച വിവരം നമുക്ക് നല്കുന്നു."

ഇക്കാലത്ത് നാം കാലത്തിന്റെ ഇമാമുമായി ബന്ധം സ്ഥാപിച്ചതുകൊണ്ട് ദുആ സ്വീകാര്യതയുടെ അറിവും ജ്ഞാനവും നമുക്ക് കിട്ടി. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ സവിശേഷമായ ഗുണങ്ങളും മനസ്സിലാക്കുന്നതിനുള്ള അറിവ് നമുക്ക് ലഭിച്ചു. കാലത്തിന്റെ ഇമാമുമായി കോർത്തിണക്കപ്പെട്ട കാരണത്താൽ അല്ലാഹു തന്റെ സവിശേഷഗുണങ്ങളുടെ പ്രഭകൾ, തന്നെ വിശ്വസിക്കുന്നവർക്ക് അവരുടെ ബന്ധത്തിന്റെ നിലയനുസരിച്ച് കാണിച്ചുകൊടുക്കുന്നു. അതുകൊണ്ട് ഇസ്‌ലാമിന്റെ ദൈവം ജീവനുള്ള ദൈവമാണെന്നും അവനു പുറമെ മറ്റൊരു ദൈവവുമില്ലെന്നും എല്ലാം അവനിൽ അർപ്പിച്ചുകൊണ്ട് അവനെ വിളിക്കുകയെന്നും സകലസ്തുതിയും സർവ്വലോകപരിപാലകനായ അല്ലാഹുവിനാകുന്നുവെന്നുമുള്ള വിശുദ്ധഖുർആന്റെ വാദം വെറും വാദം മാത്രമല്ല പ്രത്യുത പ്രാവർത്തികമായി അതിനുള്ള മാതൃകയും കാണിക്കുന്നു.

ഈ പ്രഖ്യാപനത്തിൽനിന്ന് ഫലമെടുക്കണമെങ്കിൽ, അവൻ മാത്രമേ ആരാധ്യനായിട്ടുള്ളൂ എന്ന നിബന്ധന പാലിക്കേണ്ടതായിവരും. അവനെ കരസ്ഥമാക്കുന്നതിനുവേണ്ടി മറ്റുള്ളതെല്ലാം ഉപേക്ഷിക്കേണ്ടതായി വരും. ലോകത്തിലെ എല്ലാ മാർഗ്ഗങ്ങളും അല്ലാഹുവിന്നെതിരിൽ ഒന്നുമല്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ഉപേക്ഷിക്കുകയും മനസ്സിൽ അവനെ മാത്രം വിചാരിച്ചുകൊണ്ട് വിളിക്കുകയും ചെയ്യുമ്പോൾ, ആ വിളിക്കുന്നവരുടെ വിളി അവൻ കേൾക്കുകയും അവരെ അനുഗ്രഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതാണ്. അവൻ ഏകനായ നമ്മുടെ രക്ഷകനാണെന്ന ബോധം ദുആ ചെയ്യുമ്പോൾ നമ്മുടെ മന

സ്സിൽ എപ്പോഴും ഉണ്ടാകേണ്ടതാണ്. നമ്മൾ ചോദിക്കാതെതന്നെ നമുക്കായി ഇത്രവലിയ സംവിധാനങ്ങളൊക്കെ ചെയ്തിരിക്കെ സർവ്വവും അവനിലർപ്പിച്ചുകൊണ്ട് അവന്റെ തൃപ്തിക്കായി അവനെ ആരാധിക്കുമ്പോൾ, അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുമ്പോൾ, തന്റെ ദാസരെ അങ്ങേയറ്റം സ്നേഹിക്കുന്ന ആ അല്ലാഹു നമ്മളിലേക്ക് ശ്രദ്ധിച്ചുകൊണ്ട് എത്രമാത്രം തന്റെ പാരിതോഷികങ്ങളും അനുഗ്രഹങ്ങളും കൊണ്ട് നമ്മെ അനുഗ്രഹിക്കുന്നതായിരിക്കും. ദുആ സ്വീകരിക്കുമെന്ന് അല്ലാഹു താൻതന്നെയാണ് പറഞ്ഞത്. നിങ്ങളുടെ ആവശ്യങ്ങൾ കേൾക്കാൻ നിങ്ങളെന്നെ വിളിക്കുക എന്നവൻ പറഞ്ഞു. അല്ലാഹു ഇങ്ങനെ പറയുന്നസ്ഥിതിക്ക് നമ്മുടെ ആവശ്യങ്ങളുണ്ടാകുമ്പോൾ മറ്റു വസ്തുക്കളുടെമേൽ കൂടുതൽ വിശ്വാസമർപ്പിക്കുകയും പ്രിയപ്പെട്ട രക്ഷിതാവിനെ വിളിക്കുന്നതിലേക്ക് കുറച്ചുമാത്രം ശ്രദ്ധിക്കുകയും ചെയ്യുക എന്നത് എത്രമാത്രം നിർഭാഗ്യതയാണ്. ഞാനോതിയ രണ്ടാമത്തെ വചനത്തിൽ അല്ലാഹു പറയുന്നു.

أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَعَ اللَّهِ ۚ قَلِيلًا مَا تَذَكَّرُونَ ﴿٦٣﴾

“ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചുമാത്രമെ ഉപദേശം സ്വീകരിക്കുന്നുള്ളൂ.”

ഇതിലും അല്ലാഹുതആല തന്റെ അസ്തിത്വത്തിനുള്ള ഏറ്റവും വലിയ തെളിവ് പറഞ്ഞിരിക്കുന്നത് അവന്റെ ശക്തി അതിരറ്റതാണെന്നാണ്. ഗതിമുട്ടിയവന്റെ പ്രാർത്ഥന കേൾക്കുന്നത് അവൻ മാത്രമാണ്. പക്ഷേ, പിന്നെയും മിക്കവരും ഇക്കാര്യം മറന്നുകൊണ്ട്, അല്ലാഹുവിന്റെ സൃഷ്ടികളായവരിലേക്ക് കുനിയുകയും അവർക്ക് അല്ലാഹുവിനെക്കാളേറെ പ്രാധാന്യം നല്കുകയും ചെയ്യുന്നു! അതുകൊണ്ട് എന്നെ വിളിക്കുക ഞാൻ കേൾക്കും എന്നുള്ള അല്ലാഹുവിന്റെ പ്രഖ്യാപനം വാസ്തവത്തിൽ ഇസ്ലാമിന്റെ അടിത്തറയാണ്. സത്യവാനായ മുസൽമാൻ ഇക്കാര്യം സ്വയം പരീക്ഷിച്ചറിയുമ്പോഴാണ് വിശ്വാസത്തിൽ ദൃഢത ഉണ്ടാകുന്നത്. എന്നാൽ, അല്ലാഹു അതിന് നിബന്ധനകൾ വെച്ചിരിക്കുന്നു. അതിലും തന്റെ ദാസന്മാർക്ക് കുറച്ചു വഴികൾ കാണിച്ചിട്ടുണ്ട്. അതിലൂടെ നടന്ന് തന്റെയടുത്തുവരിക എന്നാണ് അവൻ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ആ മാർഗ്ഗങ്ങളെ സ്വീകരിക്കേണ്ടതും നിർബന്ധമാണ്. അപ്പോഴാണ് അവൻ നമ്മെ ഭൂമിയുടെ അവകാശികളാക്കുന്നത്. ഞാൻ പറഞ്ഞതുപോലെ, ഇക്കാലഘട്ടത്തിൽ ഈ വഴികളെ വ്യക്തമായും നമുക്ക് പരിചയപ്പെടുത്തിയത് ഹസ്റത്ത് മസീഹ് മൗഊദ് (അ) ആണ്. അതിനാൽ അല്ലാഹു പറഞ്ഞതും ഹസ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരിച്ചതുമായ ആ അദ്ധ്യാപനമനുസരിച്ച് പരിപൂർണ്ണമായും പ്രവർത്തിക്കേണ്ടതും നമുക്ക് നിർബന്ധമാണ്. തന്റെ സാമീപ്യത്തിന്റെ തിരിച്ചറിവും തന്റെ ദാസരുടെ വിളികേൾക്കുമെന്നുള്ള വിളംബരവും അല്ലാഹു ഒരിടത്ത് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

***വ ഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബുൻ ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആൻ***. പറഞ്ഞു, ***ഫൽ യസ്തജീബൂലീ വൽയുഅ്മിനൂബീ*** അനുസരിച്ച് നിങ്ങളും പ്രവർത്തിക്കുക. ***ല അല്ലഹും യർശുദൂൻ*** അതുകൊണ്ട് അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനായി അവരെന്നെ ആരാധിക്കുകയും എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യേണ്ടതാണ്.

അതിനാൽ ദുആ സ്വീകാരത്തിന് എല്ലാ ഭൗതികമാർഗ്ഗങ്ങളേയും പിന്നിലേക്ക് വലിച്ചെറിയുന്ന രീതിയിലുള്ള വിശ്വാസം ഉണ്ടാക്കണമെന്നത് നിർബന്ധമായ നിബന്ധനയാണ്. അല്ലാഹുവിൽ ദൃഢതരമായ വിശ്വാസമുണ്ടാകണം. അവന്റെ കല്പനകളനുസരിച്ച് പൂർണ്ണമായും പ്രവർത്തിക്കണം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തനിക്ക് അവരുമായി സംസാരിക്കാൻ കഴിയുംവിധം മനുഷ്യർ തങ്ങളെയാക്കിത്തീർക്കണമെന്ന് അല്ലാഹു പറയുന്നു. തന്റെ വഴി അവർക്ക് ലഭിക്കാൻ തന്നിൽ പൂർണ്ണമായും അവർ വിശ്വസിക്കണമെന്നും അവൻ പറയുന്നു.

ഈ പരിപൂർണ്ണമായ വിശ്വാസം ഉണ്ടായിക്കഴിഞ്ഞാൽ, ദാസൻ അദൃശ്യകാര്യങ്ങൾ അറിയാത്തവനായതുകൊണ്ട് അല്ലാഹു എന്താണോ തന്റെ ദാസന് ഉത്തമമായിട്ടുള്ളത് അത് നല്കിയനുഗ്രഹിക്കുന്നു. ദാസൻ ചോദിക്കുന്നതുപോലെതന്നെ അവന് കിട്ടിക്കൊള്ളണമെന്നില്ല. അല്ലാഹുവാണ് തന്റെ ദാസന് ഗുണം ചെയ്യുന്ന കാര്യം എന്താണെന്ന് നല്ലവണ്ണം അറിയുന്നവൻ. സർവ്വവും അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് മനുഷ്യൻ അല്ലാഹുവിനോട് ദുആ ചെയ്യുമ്പോൾ എന്തായാലും അത് സ്വീകരിക്കുന്നതാണ്. ഈ ദുആയിലൂടെയാണ് അല്ലാഹു തിരിച്ചറിയപ്പെടുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

നമ്മുടെ ദൈവം ദുആയിലൂടെ തിരിച്ചറിയപ്പെടുന്നുവെന്നതാണ് വാസ്തവം. ലോകത്തുള്ള ഒരു ജനതയും ദുആ കേൾക്കുകയും അതിന് ഉത്തരം നല്കുകയും ചെയ്യുന്ന ദൈവത്തെ വിശ്വസിച്ചിട്ടില്ല. ഒരു കല്ലിന്റെ മുമ്പിൽ ഇരുന്നുകൊണ്ടോ, ഒരു മരത്തിനു മുമ്പിൽ നിന്നുകൊണ്ടോ പശുവിന്റെ മുമ്പിൽ കൈകൂപ്പിക്കൊണ്ടോ ഇവയെന്റെ ദൈവമാണ്, ഞാൻ ഇവയോട് പ്രാർത്ഥിക്കുമ്പോൾ ഇവ എനിക്ക് മറുപടി തരുന്നുവെന്ന് ഒരു ഹിന്ദുവിന് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. യേശുവിനെ താൻ വിശ്വസിക്കുകയും, അവനോട് പ്രാർത്ഥിക്കുകയും അദ്ദേഹം തന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുകയും ചെയ്യുന്നുവെന്ന് ഒരു ക്രിസ്ത്യാനിക്ക് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. സംസാരിക്കുന്ന ദൈവം ഒന്നേയുള്ളൂ. അത് ഇസ്ലാമിന്റെ ദൈവമാണ്, അത് ഖുർആൻ സമർപ്പിച്ച ദൈവമാണ്. ***ഉദ്ഊനീ അസ്തജിബ് ലക്കും*** നിങ്ങളെന്നോട് ചോദിക്കുക ഞാൻ നിങ്ങൾക്ക് മറുപടി തരുമെന്ന് അവൻ പറഞ്ഞിരിക്കുന്നു. ഇത് തികച്ചും സത്യമാണ്. ഒരുകാലംവരെ സദുദ്ദേശ്യത്തോടും ശുദ്ധഹൃദയത്തോടുംകൂടി അല്ലാഹുവിൽ വിശ്വസിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, അവൻ തന്റെ ആത്മാവിനോടു പോരാടിക്കൊണ്ടിരിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്താൽ, അവസാനം അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം തീർച്ചയായും നല്കപ്പെടും. കാളക്കുട്ടിയെ ആരാധിക്കുകയും അതിനെ ദൈവമാക്കിവയ്ക്കുകയും ചെയ്യുന്നവരെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരിടത്ത് വന്നിരിക്കുന്നു. ***ഇല്ലാ യർജിഉ ഇലയ്ഹിം ഖൗലാ.*** അത് അവരുടെ ഒരു വാക്കിനും അവർക്കു മറുപടി നല്കുന്നില്ല. (20:90)

ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് സംസാരിക്കാത്ത ദൈവം കാളക്കുട്ടി തന്നെയാണെന്നാണ്."

നമ്മുടെ ഈമാനെ ശക്തിപ്പെടുത്തുന്നതിനും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും അല്ലാഹു നമ്മെ ദുആ പഠിപ്പിച്ചിരിക്കുന്നു. ഇത് നമ്മുടെ ഈമാന്റെ ദൃഢതയ്ക്കുവേണ്ടി മാത്രമല്ല, പ്രത്യുത നമ്മുടെ മക്കളുടെ ഈമാനുവേണ്ടിയും കൂടിയുള്ളതാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റേയും അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടിരിക്കുന്നതിന്റേയും അവനോട് പ്രാർത്ഥിക്കുന്നതിന്റേയും പരമ്പര തലമുറ തലമുറയായി മുന്നോട്ടുപോകുന്നതിനുവേണ്ടിയാണ്. ഇതിന്റെ പ്രാധാന്യത്തെ മുമ്പിൽ കണ്ടുകൊണ്ടാണ്, നമസ്കാരത്തിൽ അത്തഹിയ്യാത്തിലിരുന്നുകൊണ്ട് ഇങ്ങനെ ദുആ ചെയ്യുന്നത്.

***റബ്ബിജ്അൽനീ മുഖീമസ്സലാത്തി വമിൻ ദുർരി യ്യത്തീ റബ്ബനാ വ തഖബ്ബൽ ദുആഅ്***

എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം നിലനിറുത്തുന്നവരിൽ ആക്കേണമേ! എന്റെ സന്താനങ്ങളേയും. ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കേണമേ!

ഒരു വേദനയോടുകൂടി നമ്മൾ എപ്പോഴും ഈ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ, പ്രത്യേകമായ എന്തെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ ഗതിമുട്ടിയവനായിക്കൊണ്ട് ദുആ ചെയ്യുന്നതിലേക്ക് മാത്രം നമ്മുടെ ശ്രദ്ധ നിലനില്ക്കുകയില്ല. ഇക്കാര്യം നമ്മുടെ ഈമാന്റെ വർദ്ധനവിന് കാരണമാകും. അത് പിന്നീട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് നമ്മെ പ്രവർത്തിക്കുന്നവരാക്കിത്തീർക്കും. ദുആക്ക് ഉത്തരം നല്കുന്നവനായ ആ അല്ലാഹു ആ നേരത്ത് അവന്റെ തൃപ്തിക്കുവേണ്ടി മാത്രം ചെയ്യുന്ന ഈ ദുആ കാരണം, മറ്റു ദുആകളും സ്വീകരിക്കുന്നതാണ്. അല്ലാഹു ഈ ദുആയുടെ ശരിയായ അറിവ് നമുക്ക് നല്കുമാറാകട്ടെ. അവസാനം വന്നവരിലെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് നമ്മളിൽ വീണ്ടും ഉണ്ടായിരിക്കുന്ന അഭിവൃദ്ധിയുടെ ആത്മാവ് വർദ്ധിച്ചുകൊണ്ടേ പോകുമാറാകട്ടെ. മുജീബായ അല്ലാഹു നമ്മുടെ ദുആ സ്വീകരിച്ചുകൊണ്ട് എപ്പോഴും ഈ ജമാഅത്തിനെ നമസ്കാരം നിലനിറുത്തുന്നവരുടെ ജമാഅത്താക്കി നിലനിറുത്തുമാറാകട്ടെ. ആമീൻ.

ഇക്കാര്യത്തോടൊപ്പം ദൃഢതരമായ വിശ്വാസമുണ്ടാകണം. അല്ലാഹുവിന്റെ കല്പനകളനുസരിച്ചിട്ടുള്ള പ്രവർത്തനവുമുണ്ടാകണം. നിങ്ങളെന്നോട് പ്രാർത്ഥിക്കുക, സർവ്വവും എന്നിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുക എന്ന് അല്ലാഹു പറഞ്ഞതിനോടൊപ്പം പ്രാർത്ഥിക്കേണ്ട വിവിധരീതികൾ എന്താണെന്നും പറഞ്ഞിരിക്കുന്നു. അല്ലാഹു പറഞ്ഞു. എനിക്ക് വിവിധ ഗുണങ്ങളുണ്ട്. ആ ഗുണങ്ങൾ നിങ്ങളുടെ ആവശ്യത്തിനനുസരിച്ച് എടുത്തുപറഞ്ഞുകൊണ്ട് പ്രാർത്ഥിക്കുക. ഇക്കാര്യം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ കൂടുതൽ അടുപ്പിക്കുന്നതായിരിക്കും. അത് ഈമാൻ വർദ്ധിപ്പിക്കുന്നതായിരിക്കും. അത് ദുആ സ്വീകാര്യത്തിനുള്ള മാർഗ്ഗമായി തീരുകയും ചെയ്യും. അല്ലാഹു പറയുന്നു: "***വ ലില്ലാഹിൽ അസ്മാഉൽ ഹുസ്നാ ഫദ്ഊഹുബിഹാ***" ഏറ്റവും ഉത്തമമായ ഗുണനാമങ്ങൾ അല്ലാഹുവിനു മാത്രമുള്ളതാണ്. അതുകൊണ്ട് അവ മുഖേന നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുക. (7:181)

മുജീബായ അല്ലാഹു വിവിധ സ്ഥലങ്ങളിൽ പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതിന്റെ

രീതിയും ശൈലിയും പഠിപ്പിച്ചിരിക്കുന്നു. ഇതനുസരിച്ച് നാമോരോരുത്തരും പ്രവർത്തിക്കേണ്ടതാണ്. കാരണം അതിലാണ് നമുക്ക് നിത്യജീവനുള്ളത്. അല്ലാഹു ഏതുരീതിയിലാണ് നമ്മെ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നത്? മുജീബായ ആ അല്ലാഹുവിനെ വിളിക്കാതെ മറ്റുള്ളതിലേക്കാണ് നമ്മുടെ ശ്രദ്ധയെങ്കിൽ അതെത്രമാത്രം നിർഭാഗ്യമാണ്. വിളിക്കുന്നില്ലെങ്കിൽ അവന്റെ അനുഗ്രഹങ്ങളിൽനിന്ന് നമ്മൾ പിന്തള്ളപ്പെടും.

അല്ലാഹു തന്റെ സൃഷ്ടികളോടുള്ള സ്നേഹം കാരണത്താലാണ് ഈ മാർഗ്ഗം കാണിച്ചുതരുന്നത്. ഇല്ലെങ്കിൽ അവന് നമ്മുടെ പ്രാർത്ഥനയുടേയോ നമ്മുടെ നിലവിളിയുടേയോ ആവശ്യമില്ല. അല്ലാഹുവിന്റെ ബന്ധവും അവന്റെ സഹായവും ഉണ്ടാകേണ്ട ആവശ്യം മനുഷ്യനാണ്. മനുഷ്യന് അവന് വിളിക്കേണ്ട ആവശ്യവുമുണ്ട്. അല്ലാഹു പറയുന്നു. ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലൗലാ ദുആഉക്കും*** നീ പറയുക, നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്?

അല്ലാഹുവും ദുആ ചെയ്യുന്നവരെയാണ് പരിഗണിക്കുന്നത്. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെങ്കിൽ ഓരോ വസ്തുവിന്റേയും ലഭ്യതയ്ക്കായി ആ അല്ലാഹുവിനെതന്നെ വിളിക്കേണ്ടത് ആവശ്യമാണ്. ചെരിപ്പിന്റെ വാറാണ് നിങ്ങൾക്കാവശ്യമെങ്കിൽ അത് അല്ലാഹുവിനോട് ചോദിക്കുകയെന്ന് ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നും ഈ വാക്കുകളിൽ വെളിപാടുണ്ടായിട്ടുണ്ട്. മസീഹ് മൗഊദ്(അ)ന് ഒരു ദൃശ്യം അല്ലാഹു കാണിച്ചിരുന്നു. അതായത്, ആടുകളെ വരിവരിയായി കിടത്തിയിരിക്കുന്നു. ഒരാൾ അതിനെ അറുത്തുകൊണ്ടുപോകുന്നു. അതിനോടൊപ്പം നിങ്ങൾ ആടുകളാണ് അതല്ലാതെ ഒരു വിലയും നിങ്ങൾക്കില്ല എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ ഇൽഹാമിൽ നമ്മൾ അല്ലാഹുവിനോട് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരും ഇമാമിനോട് ചേർന്നിരുന്നുകൊണ്ട് അദ്ദേഹത്തിന്റെ പാഠങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടും ആ മുജീബായ അല്ലാഹുവിനെ വിളിക്കുന്നവരായിത്തീരുക എന്ന പാഠമാണുള്ളത്. അവനെ പരിപൂർണ്ണമായും വിശ്വസിച്ചുകൊണ്ട് അവന്റെ കല്പനകളനുസരിച്ചുകൊണ്ട് പ്രവർത്തിക്കുക. ഗതിമുട്ടുമ്പോൾ തങ്ങളുടെ രക്ഷിതാവിനെ വിളിക്കുകയും സുഖാവസ്ഥയിൽ അവനെ മറക്കുകയും ചെയ്യുന്ന കൂട്ടരിൽ നിങ്ങളാവരുത്. നിങ്ങൾ സമുദ്രത്തിലകപ്പെട്ടുപോകുമ്പോൾ നിലവിളിക്കുകയും വിലപിക്കുകയും ചെയ്യുന്നു. അവിടെനിന്ന് രക്ഷിച്ച് നിങ്ങളെ കരയിലെത്തിക്കുമ്പോൾ ആ രക്ഷകനായ അല്ലാഹുവിനെ നിങ്ങൾ മറന്നുകളയുന്നുവെന്ന് അല്ലാഹു പറയുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഓർമ്മിച്ചുകൊള്ളുക, ഇസ്ലാമിന് അന്തസ്സും അഭിമാനവും ഉണ്ട്. അതിൽ ദുആ ചെയ്യാനുള്ള പാഠമുണ്ട്. അതിലൊരിക്കലും വീഴ്ച വരുത്തരുത്. ക്ഷീണിച്ചുപോകുകയുമരുത്. അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള പ്രബലമായ തെളിവാണ് ദുആ. അല്ലാഹു ഒരിടത്ത് പറയുന്നു. ***വ ഇദാ സഅലക്കാ ഇബാദീ അന്നീ ഫ ഇന്നീ ഖരീബുൻ ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആനി*** എന്നെ സംബന്ധിച്ച് എന്റെ ദാസൻ എവിടെയാണ് ദൈവം എന്ന് ചോദിക്കുമ്പോൾ, അതിനുള്ള തെളിവെന്തെന്ന് ചോദിക്കുമ്പോൾ അവൻ വളരെയടുത്താണെന്ന് പറയുക. അതിനുള്ള തെളിവ് പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ അവന് ഉത്തരം നല്കുന്നു എന്നതാണ്. ഈ ഉത്തരം ചിലപ്പോൾ സത്യമായ സ്വപ്നം മുഖേനയും ചിലപ്പോൾ ജാഗ്രതാദർശനത്തിലൂടെയും ഇൽഹാമിലൂടെയും ലഭിക്കുന്നു. ഇതിനുപുറമെ ദുആ മുഖേന അല്ലാഹുവിന്റെ കഴിവിന്റേയും ശക്തിയുടേയും പ്രകടനവുമുണ്ടാകുന്നു. അവൻ എത്രമാത്രം സർവ്വശക്തനാണ്. എല്ലാ ബുദ്ധിമുട്ടുകളും അവൻ പരിഹരിച്ചുതരുന്നു." വീണ്ടും അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു. സുഖകരമായിരിക്കണമെന്നും നിങ്ങളുടെ വീട്ടിൽ സമാധാനം നിലനില്ക്കണമെന്നും നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങളധികമധികമായി പ്രാർത്ഥിക്കുക. നിങ്ങളുടെ പ്രാർത്ഥനകൊണ്ട് വീടുകളെ നിറയ്ക്കുക. ഏതൊരു വീട്ടിലാണോ എപ്പോഴും പ്രാർത്ഥനയുടെ സാന്നിധ്യമുള്ളത്, അല്ലാഹു അതിനെ നശിപ്പിക്കാറില്ല. എന്നാൽ, ആരാണോ അശ്രദ്ധയോടെ ജീവിക്കുന്നത് അവനെ അവസാനം മലക്കുകൾ ഉണർത്തുന്നതാണ്. നിങ്ങളെപ്പോഴും അല്ലാഹുവിനെ ഓർമ്മിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനം സുദൃഢമാണെന്ന് ഓർത്തുകൊള്ളുക. ഫാസിഖ് ഫാജിറിനോട്- ആജ്ഞാലംഘകൻ കുറ്റകൃത്യം ചെയ്യുന്നവനോട് പെരുമാറുന്നതുപോലെ അവനൊരിക്കലും നിങ്ങളോട് പെരുമാറുകയില്ല."

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദുആ ചെയ്യുന്ന നേരത്ത് അശ്രദ്ധയോടും പരിഭ്രമത്തോടുംകൂടി പ്രവർത്തിക്കരുത്. പെട്ടെന്നുതന്നെ ക്ഷീണിച്ചിരിക്കാനും പാടില്ല. ദുആ അതിന്റെ പൂർണ്ണമായ ലക്ഷണം കാണിക്കുന്നതുവരെ പിന്മാറാനും പാടില്ല. ആരാണോ ക്ഷീണിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നത് അവൻ അബദ്ധമാണ് ചെയ്യുന്നത്. കാരണം ഇത് അവഗണിക്കപ്പെടുന്നതിന്റെ അടയാളമാണ്. എന്റെ പക്കൽ ദുആ ഏറ്റവും നല്ല കാര്യമാണ്. ഞാനെന്റെ അനുഭവജ്ഞാനത്തിലൂടെ പറയു

ന്നു. സാങ്കല്പികമായിട്ടല്ല, ഒന്നുകൊണ്ടും പരിഹരിക്കപ്പെടാത്ത ബുദ്ധിമുട്ടായ പ്രശ്നംപോലും പ്രാർത്ഥനയിലൂടെ അല്ലാഹു എളുപ്പമാക്കിത്തരുന്നു. ഞാൻ സത്യമായും പറയുന്നു. ദുആ വളരെ പ്രബലമായ സ്വാധീനുണ്ടാക്കുന്ന കാര്യമാണ്. രോഗത്തിനുള്ള ശിഫാ അതുമുഖേന ലഭിക്കുന്നു. ഭൗതികമായ ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും അതുമുഖേന പരിഹരിക്കപ്പെടുന്നു. ശത്രുക്കളുടെ ഗൂഢപദ്ധതികളിൽനിന്ന് ദുആ രക്ഷിക്കുന്നു. ദുആ കൊണ്ട് ലഭിക്കാത്ത എന്ത് കാര്യമാണുള്ളത്? ഏറ്റവും ഉപരിയായി മനുഷ്യനെ പരിശുദ്ധമാക്കുന്നതും ഈ ദുആ തന്നെയാണ്. അല്ലാഹുവിലുള്ള ജീവസ്സുറ്റ വിശ്വാസം ഇത് പ്രദാനം ചെയ്യുന്നു. ദുആയിൽ വിശ്വാസമുള്ള മനുഷ്യൻ വലിയ ഭാഗ്യവാനാണ്. കാരണം അവൻ അല്ലാഹുവിന്റെ അത്യത്ഭുതകരമായ ശക്തിപ്രഭാവങ്ങളെയാണ് കാണുന്നത്. അല്ലാഹു സർവ്വശക്തനും ഉദാരനുമാണെന്ന് കണ്ടുകൊണ്ടാണ് അവർ അവനെ വിശ്വസിക്കുന്നത്." മറ്റൊരിടത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ദുആ ഉഗ്രമായൊരു ശക്തിയാണ്. അതുമുഖേന വലിയ വലിയ പ്രയാസകരമായ കാര്യങ്ങൾ എളുപ്പത്തിൽ പരിഹരിക്കപ്പെടുന്നു. പ്രയാസകരമായ നിലകളെ എളുപ്പത്തോടെ മനുഷ്യൻ തരണം ചെയ്യുന്നു. അല്ലാഹുവിൽനിന്ന് വരുന്ന അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്ന ഒന്നാണ് പ്രാർത്ഥന. ആരാണോ അധികമധികമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് അവൻ അവസാനം ആ അനുഗ്രഹത്തെ വലിച്ചെടുക്കുന്നു. അല്ലാഹുവിൽനിന്ന് സഹായം ലഭിച്ചവനായിക്കൊണ്ട് തന്റെ ഉദ്ദേശ്യങ്ങൾ പ്രാപിക്കുന്നു. അതെ, വെറും പ്രാർത്ഥനയല്ല അല്ലാഹുവിന്റെ ഉദ്ദേശ്യം. ഒന്നാമതായിട്ട് സകല പരിശ്രമങ്ങളും കഠിനാദ്ധ്വാനങ്ങളും ഉണ്ടാകണം. അതിനോടൊപ്പം പ്രാർത്ഥനയെ പ്രയോജനപ്പെടുത്തുകയും വേണം. മാർഗ്ഗങ്ങളേയും പ്രയോജനപ്പെടുത്തണം. പ്രാർത്ഥനയുടെ മര്യാദകൾ അറിയാത്തതുകൊണ്ടാണ് മാർഗ്ഗങ്ങളെ പ്രയോജനപ്പെടുത്താതിരിക്കുകയും വെറും ദുആ മാത്രം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നത്. അത് അല്ലാഹുവിനെ പരീക്ഷിക്കലാണ്. മാർഗ്ഗങ്ങളെ മാത്രം അവലംബമാക്കിക്കൊണ്ട് അതിൽ ഒതുങ്ങിനിൽക്കുന്നതും ഭൗതികമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും പ്രാർത്ഥനയെ ഒന്നുമല്ലാത്തതായി കരുതുന്നതും നിരീശ്വരത്വമാണ്. (അല്ലാഹുവിനെ നിഷേധിക്കലാണ്) ദുആ വലിയ സമ്പത്താണെന്ന കാര്യം ദൃഢമായും മനസ്സിലാക്കിക്കൊള്ളുക.

ആരാണോ ദുആയെ തള്ളിക്കളയാത്തത് അവന്റെ ദീനിലും ദുൻയാവിലും അപകടമുണ്ടാകുകയില്ല. സായുധരായ സൈന്യം ചുറ്റും കാവൽനില്ക്കുന്ന കോട്ടക്കുള്ളിലാണ് അവൻ ഉള്ളത്. എന്നാൽ, ആരാണോ ദുആയിൽ അലസത കാണിക്കുന്നത് അവൻ നിരായുധനെപ്പോലെയാണ്. അവൻ ബലഹീനനുമാണ്. വന്യമൃഗങ്ങളെക്കൊണ്ട് നിറഞ്ഞ ഘോരവനത്തിലാണ് അവനുള്ളത്. അവനത് നല്ലതല്ലെന്ന് അവനുതന്നെ അറിയാൻ കഴിയും. ഒരൊറ്റ നിമിഷത്തിനുള്ളിൽ അവൻ ക്രൂരജന്തുവിന് ഇരയാവും. അവന്റെ എല്ലും ഇറച്ചിയുംപോലും കാണാൻ പറ്റുകയില്ല. അതുകൊണ്ട് മനുഷ്യന്റെ വലിയ നന്മയുടേയും അവന്റെ സംരക്ഷണത്തിന്റേയും യഥാർത്ഥ മാർഗ്ഗം ഈ ദുആതന്നെയാണ്. ഈ ദുആ തന്നെയാണ് അവന് അഭയം; അവൻ എപ്പോഴും അതിൽതന്നെ മുഴുകിയിരിക്കുകയാണെങ്കിൽ.

ഞാൻ പറഞ്ഞതുപോലെ നമ്മൾ ഭാഗ്യവാന്മാരാണ്. ഇക്കാലത്തെ ഇമാം പ്രാർത്ഥനയുടെ തത്വശാസ്ത്രം നമ്മുടെ മുമ്പിൽ തുറന്നുവെച്ചു. അത് നമുക്ക് വ്യക്തമാക്കിത്തന്നു. അല്ലാഹുവിന്റെ മുജീബ് എന്ന ഗുണത്തെ സംബന്ധിച്ചുള്ള ശരിയായ അറിവ് നമുക്ക് നൽകി. ഇന്ന് നാം നമ്മുടെ നിത്യജീവനുവേണ്ടി മാത്രമല്ല, നമ്മുടെ കുടുംബത്തിന്റെ നിത്യജീവനുവേണ്ടിയും അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. എന്നല്ല, മുസ്ലിം സമുദായത്തിനുവേണ്ടിയും അതിനേക്കാളുപരി മുഴുൻ മനുഷ്യകുലത്തിന്റെ നിത്യജീവനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അത് ഇന്ന് അത്യന്താപേക്ഷിതമാണ്.

ഓരോ അഹ്മദിയും ഈ ദിനങ്ങളിൽ, ഈ ദിനങ്ങൾകൊണ്ടുദ്ദേശിക്കുന്നത് എപ്പോഴും എന്നർത്ഥത്തിലാണ്, അവസ്ഥകൾ വഷളായിക്കൊണ്ടിരിക്കുന്ന ഈ ദിനങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ രക്ഷിതാവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് ഒരുപാട് ദുആ ചെയ്യേണ്ടതാണ്. ഗതിമുട്ടിയവനെപോലെ അവനെ വിളിക്കുക. ഇന്ന് മുസ്ലിം സമുദായം ഏതൊരു ഘട്ടത്തിലൂടെയാണോ കടന്നുപോകുന്നത്, മുസ്ലിം രാജ്യങ്ങൾ ഏതെതെല്ലാം പ്രയാസങ്ങളിലാണോ അകപ്പെട്ടിരിക്കുന്നത് അതിനുള്ള പരിഹാരം ദുആ അല്ലാതെ മറ്റൊന്നുമില്ല. ദുആയുടെ സുരക്ഷിതമായ കോട്ടയിൽ– അതിനെക്കുറിച്ചാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്, ഇന്ന് അഹ്മദികളല്ലാതെ മറ്റാരുമില്ല.

മുസ്ലിം ഉമ്മത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് ആഭ്യന്തരവും ബാഹ്യവുമായ ഫിത്നകളിൽനിന്ന് രക്ഷ നല്കുമാറാകട്ടെ. ആമീൻ. ഇന്നേക്ക് പതിനാല് നൂറ്റാണ്ടുകൾക്കുമുമ്പേ നബി(സ) നൽകിയ ആ സന്ദേശം മനസ്സിലാക്കാൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഈ ദുൻയാവിൽനിന്ന് അക്രമം അവസാനിപ്പിക്കാൻവേണ്ടിയും ദുആ ചെയ്യുക. മനുഷ്യൻ തന്റെ സ്രഷ്ടാവിലേക്ക് മടങ്ങുമാറാക

ട്ടെ. അവനെ തിരിച്ചറിഞ്ഞുകൊണ്ട് സ്വന്തം പിടിവാശിയിൽനിന്നും തൻപ്രമാണിത്തത്തിൽനിന്നും പുറത്തുവരുമാറാകട്ടെ. അല്ലാഹുവിന്റെ വെറുപ്പിനേയും കോപത്തേയും വിളിച്ചുവരുത്തുന്നവരാകാതിരിക്കട്ടെ. മറിച്ച്, അവനിലേക്ക് കുനിയുന്നവരായിത്തീരട്ടെ. തന്നിലേക്ക് വരിക എന്ന അല്ലാഹുവിന്റെ സന്ദേശം മനസ്സിലാക്കുന്നവരായിത്തീരട്ടെ. സകലവും തന്നിലർപ്പിച്ച് തന്നെ വിളിക്കാനാണ് അല്ലാഹു പറയുന്നത്. നിങ്ങളുടെ ദുആ കേട്ടുകൊണ്ട്, എല്ലാമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്ന ഈ ദുൻയാവിനെ- യഥാർത്ഥത്തിൽ അത് കുറച്ചുനാളത്തേക്കുള്ളതാണ്- നിങ്ങൾക്ക് സമാധാനത്തിന്റെ കളിത്തൊട്ടിലാക്കിത്തീർക്കാൻ നിങ്ങൾ എന്നെ വിളിക്കുക എന്ന് അല്ലാഹു പറയുന്നു; അങ്ങനെ സൽകർമ്മങ്ങൾ കാരണത്താൽ നിങ്ങളെന്റെ അനശ്വരമായ സ്വർഗ്ഗത്തിന് അവകാശികളാകാൻ.

ഞാൻ പറഞ്ഞതുപോലെ അഹ്മദികളായ നമ്മൾക്ക് ദുആ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. വേദനയോടുകൂടി മർദ്ദിതർക്കും മർദ്ദകർക്കും വേണ്ടി ദുആ ചെയ്യാൻ നമുക്ക് കഴിയും. നമ്മുടെ അല്ലാഹുവിനോട് നമ്മൾ യാചിക്കുകയാണ്, അല്ലാഹുവേ, ഈ സമുദായത്തിന്റെമേൽ കരുണ ചൊരിയേണമേ. നിന്റെ പ്രിയപ്പെട്ട നബി(സ)യുമായി ബന്ധപ്പെട്ടിരിക്കുന്ന കാരണത്താൽ ഇവരോട് ദയകാണിച്ചുകൊണ്ട് ഇവർക്ക് ബുദ്ധിയും വിവേകവും നല്കേണമേ. സുഹൃത്ത് ആരാണെന്നും ശത്രു ആരാണെന്നും തിരിച്ചറിയാനുള്ള കഴിവ് ഇവർക്ക് നല്കേണമേ. ഇക്കാലത്ത് നിയോഗിതനായ ഇമാമിനെ തിരിച്ചറിയാനുള്ള തൗഫീഖ് ഇവർക്ക് നല്കേണമേ.

ഞാൻ പറഞ്ഞതുപോലെ ലോകത്തിനുവേണ്ടിയും മനുഷ്യകുലത്തിനുവേണ്ടിയും പ്രാർത്ഥിക്കുക. തൻപ്രമാണിത്തവും പിടിവാശിയും കൊണ്ട് ലോകം അതിശീഘ്രം നാശത്തിന്റെ ഗർത്തത്തിലേക്ക് പോകുകയാണ്. അവർ തങ്ങളുടെ ദൈവത്തെ മറന്നുകളഞ്ഞിരിക്കുന്നു. അതിന്റെ ഫലമായി അല്ലാഹുവിന്റെ കോപത്തെ വിളിച്ചുവരുത്തുകയാണ്. അക്രമം എത്രമാത്രം വളർന്നുവെന്നാൽ, അത് ന്യായം എന്ന പേരിൽ വിളിക്കപ്പെടാൻ തുടങ്ങിയിരിക്കുന്നു. ഇവരുടെമേൽ അല്ലാഹുതന്നെ കരുണ ചെയ്യട്ടെ. നമുക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹുതആല അഹ്മദിയ്യത്തിന്റെ ശത്രുക്കളേയും എതിരാളികളേയും പരാജയപ്പെടുത്തുമാറാകട്ടെ. എപ്പോഴും ദൈവികജമാഅത്തുകൾക്ക് എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടുണ്ട്. അത് തുടർന്നുവരുന്ന ഒരു പരമ്പരയാണ്. അപ്പോഴാണ് അഭിവൃദ്ധിയുമുണ്ടാകുന്നത്. ഇതും സത്യത്തിനുള്ള ഒരു തെളിവാണ്. മറ്റുള്ളവരുടെ പക്കൽ തെളിവില്ലാതെ വരുമ്പോൾ അവർ കരബലം കാണിക്കാൻ തുടങ്ങുന്നു. ഈ എതിർപ്പുകളെ അഹ്മദികൾ ഭയപ്പെടുന്നില്ല. ഇൻശാഅല്ലാഹ് ഭയപ്പെടുകയുമില്ല. ഇക്കാര്യമാണ് ഈമാനിന്റേയും ജമാഅത്തിന്റേയും അഭിവൃദ്ധിക്ക് കാരണമാകുന്നത്. ഈ എതിർപ്പുകൾ എപ്പോഴും നമുക്ക് വളം എന്ന നിലയിൽ പ്രയോജനപ്പെടുന്നു. പക്ഷേ, ഈ എതിർപ്പ് കാരണം എതിരാളികൾക്ക് നിന്ദ്യമായ പര്യവസാനമാണുണ്ടാകുക. എന്നാൽ മാനുഷികമായ പരിഗണന വെച്ചുകൊണ്ട് അത്തരക്കാർക്കു വേണ്ടിയും നാം പ്രാർത്ഥിക്കണം. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഇവർ തങ്ങളുടെ നിന്ദ്യമായ പര്യവസാനത്തിനുമുമ്പേ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടുമാറാകട്ടെ. നമ്മുടെ തെറ്റുകളും വീഴ്ചകളും കാരണത്താൽ അല്ലാഹു നമുക്കായി വിധിച്ചിട്ടുള്ള അവന്റെ പാരിതോഷികങ്ങളിൽനിന്ന് പിന്തള്ളപ്പെടാതിരിക്കാൻ നാം പ്രാർത്ഥിക്കേണ്ടതാണ്. ശത്രുവിന്റെ ഓരോ ദ്രോഹവും ഓരോ ശ്രമവും നമ്മുടെ ഈമാനെ അഭിവൃദ്ധിപ്പെടുത്തും വിധമുള്ള അവസരങ്ങൾ ഒരുക്കുന്നതായിത്തീരട്ടെ. നമ്മളിൽ ഓരോരുത്തരും സ്ഥിരചിത്തത കാണിക്കുന്നവരായി മാറട്ടെ. നമ്മുടെ നല്ല ആഗ്രഹങ്ങൾ എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാരാർഹമാകട്ടെ. അത് കാരണം നാം അല്ലാഹുവിന്റെ സ്നേഹം പിടിച്ചുപറ്റുന്നവരുമാകട്ടെ. അല്ലാഹു നമ്മെ നാം അറിയുന്നതും അറിയാത്തതുമായ അവന്റെ സവിശേഷഗുണങ്ങളുടെ അഭയത്തിൽ എടുക്കുമാറാകട്ടെ. അവന്റെ സൃഷ്ടികളുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും നമ്മെ രക്ഷിക്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.8.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala